# കേരള ചരിത്ര പൈതൃക സംരക്ഷണത്തിന് അവസരം

കേരള ചരിത്ര ഗവേഷണ കൗൺസിൽ നടത്തിവരുന്ന വിവിധ ബഹുവിഷയീ പ്രോജക്ടുകളിൽ **പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററാകാൻ (പ്രധാന അന്വേഷകൻ) അവസരം**. സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ ആഴത്തിലുള്ള താത്പര്യവും അനുബന്ധ രീതിശാസ്ത്ര/സാങ്കേതിക വിഷയങ്ങളിൽ പരിജ്ഞാനവും ഉള്ള ഗവേഷകരെയാണ് ഈ സംരംഭം ലക്ഷ്യംവെയ്ക്കുന്നത്. കേരളത്തിന്റെ സാമൂഹ്യശാസ്ത്ര പഠനത്തിനുതകുന്ന പൈതൃക സമ്പത്തുക്കളുടെ പര്യവേഷണം, സർവ്വേ, സമാഹരണം, സംരക്ഷണം തുടങ്ങിയ കർമ്മ പദ്ധതികൾ തയ്യാറാക്കാനുള്ള അവസരമാണ് ഈ സംരംഭം നൽകുന്നത്.

**ഈ ഉദ്യമത്തിന്റെ പ്രസക്തി**

പുരാവസ്തുക്കൾ, സ്മാരകങ്ങൾ, പുരാവസ്തുസ്ഥാനങ്ങൾ, ഗ്രന്ഥങ്ങൾ, പ്രമാണങ്ങൾ, എഴുത്തോലകൾ, ഓർമ്മകൾ, പരമ്പരാഗത അറിവുകൾ തുടങ്ങി കേരളത്തിന്റെ സാമൂഹ്യവും സാംസ്കാരികവും ബൗദ്ധീകവുമായ നിരവധി പൈതൃക വിഭവങ്ങൾ തീർത്തും അവഗണിക്കപ്പെടുന്ന അല്ലെങ്കിൽ നഷ്ടപ്പെട്ടുപോകുന്ന അവസ്ഥയിലാണുള്ളത്. അവ കണ്ടെത്തി ശാസ്ത്രീയമായും നൂതനസാങ്കേതിക വിദ്യകൾ ഉപയോഗിച്ചും വീണ്ടെടുത്ത് സംരക്ഷിക്കാനാണ് കെ.സി.എച്ച്.ആർ ലക്ഷ്യമിടുന്നത്. അതോടൊപ്പം തന്നെ ചരിത്രപൈതൃകത്തോടുള്ള ആദരവും അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ബോധ്യപ്പെടുക എന്നതും പ്രോജക്ടിന്റെ ലക്ഷ്യങ്ങളാണ്.

**യോഗ്യതകൾ**

ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദവും (പ്രൊഫഷണൽ ബിരുദം) സോഷ്യൽ സയൻസിൽ ഗവേഷണാഭിരുചിയും, പൈതൃക സംരക്ഷണ പ്രവർത്തനങ്ങളിൽ താൽപര്യവും, അവ സംബന്ധിച്ച പ്രവർത്തനപദ്ധതി തയ്യാറാക്കി അത് പ്രാവർത്തികമാക്കുന്നതിനുള്ള കഴിവും ഉള്ളവരായിരിക്കണം അപേക്ഷകർ.

**അപേക്ഷിക്കേണ്ട രീതി**

വിശദമായ ബയോഡാറ്റ • താഴെപ്പറയുന്ന ഏതെങ്കിലും കെ.സി.എച്ച്.ആർ പ്രോജക്ടുകളെ അടിസ്ഥാനമാക്കി അല്ലെങ്കിൽ സ്വതന്ത്രമായി തയ്യാറാക്കിയ പ്രൊപ്പോസൽ• പരിചയ സമ്പത്തും, പ്രാഗൽഭ്യവുമുള്ളവരുടെ റഫറീ പാനൽ എന്നിവ ചേർന്നതായിരിക്കണം അപേക്ഷകൾ.

പ്രൊപ്പോസലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, രീതിശാസ്ത്രം, കാലപരിധി, അതുണ്ടാക്കുന്ന ഭൗതീകനേട്ടം, അവയുടെ അളവ്, (ദിവസം / ആഴ്ച പ്രകാരം) കാലാവധി, ആവശ്യമായ തുക തുടങ്ങി വിശദമായ വിവരങ്ങൾ പ്രോപ്പോസലിൽ കാണിച്ചിരിക്കണം. പ്രൊപ്പോസൽ തയ്യാറാക്കുന്നതിലും നടപ്പിൽ വരുത്തുന്ന രീതികളെ സംബന്ധിച്ചും റഫറീ പാനലിലുള്ളവരുടെ വിദഗ്ധോപദേശം തേടേണ്ടതാണ്. വിശദമായും വ്യക്തമായും ലളിതമായും പ്രൊപ്പോസൽ തയ്യാറാക്കുവാൻ ശ്രദ്ധിക്കണം.

തിരഞ്ഞെടുക്കപ്പെടുന്ന ഗവേഷകർക്ക് പ്രതിമാസം 15000/- രൂപ പ്രതിഫലം ലഭിക്കും. ഓരോ മാസത്തെയും പ്രവർത്തനഫലത്തെ അടിസ്ഥാനപ്പെടുത്തിയാകും പ്രതിഫലം ലഭിക്കുക.

ഫീൽഡ് വർക്ക് ആവശ്യമായ പ്രൊപ്പോസലുകളിലെ പ്രധാന അന്വേഷകന് പ്രസ്തുത പ്രദേശം കേന്ദ്രീകരിച്ച് അവ നടപ്പിലാക്കാവുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ ആ പ്രദേശത്തെ ഒരു സ്ഥാപനത്തെ കെ.സി.എച്ച്.ആറുമായി ബന്ധപ്പെടുത്തി അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാവുന്നതുമാണ്. ഇത്തരം ഇൻവെസ്റ്റിഗേറ്റേഴ്സ് മാസത്തിൽ ഒരിക്കൽ കെ.സി.എച്ച്.ആറിൽ നേരിട്ട് വന്ന് പ്രവർത്തനപുരോഗതി അക്കാദമിക് / പ്രോജക്ട് കോ-ഓഡിനേറ്റർമാരുമായി ചർച്ച ചെയ്താൽ മതിയാകും.

**കാലാവധി**

രണ്ടു മാസം മുതൽ ഒരു വർഷംവരെയായിരിക്കും ഒരു പ്രൊപ്പോസൽ പൂർത്തിയാക്കാൻ ലഭിക്കുന്ന കാലയളവ്. ആവശ്യം വന്നാൽ മികച്ച പ്രൊപ്പോസലുകൾക്ക് ആറുമാസം കൂടി കാലാവധി നീട്ടി കിട്ടും.

**സമയപരിധി**

അപേക്ഷ സ്വീകരിക്കുന്നതിന് നിശ്ചിതസമയപരിധിയില്ല. ആദ്യമാദ്യം ലഭിക്കുന്ന അപേക്ഷകൾക്ക് അതിനനുസരിച്ച പരിഗണന ലഭിക്കുന്നതാണ്.

**വോളണ്ടറി പങ്കാളിത്തം**

കേരളത്തിന്റെ പൈതൃക സംരക്ഷണ പ്രവർത്തനങ്ങളിൽ കഴിവും താൽപര്യവും സമയവും വിഭവസമ്പത്തും വിനിയോഗിക്കുവാൻ താൽപര്യമുള്ളവരുടെ സ്വന്തം നിലയിലുള്ള പങ്കാളിത്തത്തെയും കെ.സി.എച്ച്.ആർ സ്വാഗതം ചെയ്യുന്നു. അതിനും മേൽപരാമർശിച്ചരീതിയിൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്. അത്തരം പ്രൊപ്പോസലുകൾക്ക് കെ.സി.എച്ച്.ആറിൽ നിന്ന് അക്കാദമിക് സഹായം ലഭിക്കും. കേരളത്തിനകത്തും പുറത്തുമുള്ള മലയാളികളുടെ നിസ്വാർത്ഥ പങ്കാളിത്തത്തോടെ ചരിത്രാന്വേഷണയാത്രകൾ, മലയാളം പഴഞ്ചൊല്ലു ശേഖരണം, മലയാളികളുടെ കുടിയേറ്റ ചരിത്രം തുടങ്ങിയ പ്രോജക്ടുകൾ വിജയകരമായി നടപ്പിലാക്കിയ അനുഭവം കെ.സി.എച്ച്.ആറിന് ഉണ്ട്. ഭാവി തലമുറയ്ക്കായി ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ പേർ ഏറ്റെടുക്കണമെന്ന് കെ.സി.എച്ച്.ആർ ആഗ്രഹിക്കുന്നു.

**കെ.സി.എച്ച്.ആർ പ്രോജക്ടുകൾ**

**ഡിജിറ്റലൈസിംഗ് കേരളാസ് പാസ്റ്റ്**

ചരിത്ര പ്രാധാന്യമുള്ള സാമൂഹ്യ-സാംസ്കാരിക-ബൗദ്ധീക രേഖകളുടെയും ചിത്രങ്ങളുടെയും പ്രാദേശികതലത്തിലുള്ള ശേഖരണമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിലെ ഗ്രാമങ്ങളിലൂടെ ഇതിന് ആവശ്യമായ സജ്ജീകരണങ്ങളുള്ള വാഹനങ്ങളിൽ സഞ്ചരിച്ച് എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും മറ്റുമുള്ള ചരിത്രരേഖകളും പഴയ ചിത്രങ്ങളും പ്രമാണങ്ങളും ശേഖരിച്ച് ഡിജിറ്റൽ ശേഖരം തയ്യാറാക്കാനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരുന്നത്. കെ.സി.എച്ച്.ആർ ലൈബ്രറിയിലേയ്ക്ക് സംഭാവന ചെയ്ത ശ്രീമതി. സി.പി. മാത്തന്റെ ഡയറിക്കുറിപ്പുകളും എഴുത്തിടപാടുകളും ഇതിനകം തന്നെ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. (കെ.സി.എച്ച്.ആർ വെബ് സൈറ്റിൽ ഇവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണ്.)

**സമകാലീക ചരിത്രം**

മലയാളികളുടെ സമകാലീക ജീവിതവുമായി ബന്ധപ്പെട്ട വിവരങ്ങളുടെ ശേഖരണമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കമലാ സുരയ്യയുടെ അറിയപ്പെടാത്ത ജീവിതക്കാഴ്ചകൾ, സന്ദർശന

ങ്ങൾ, സൗഹൃദങ്ങൾ, ചടങ്ങുകൾ, അഭിമുഖങ്ങൾ, ഓർമ്മകൾ, നിത്യജീവിതം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുവാൻ ഒരു പദ്ധതി ആവിഷ്ക്കരിച്ചിരുന്നു. (കൂടുതൽ വിവരങ്ങൾ കെ.സി.എച്ച്.ആർ വെബ് സൈറ്റ് സന്ദർശിക്കുക)

**വാമൊഴി ചരിത്രം**

കേരളത്തിലെ ആദിവാസികൾ, ദളിതർ, സ്ത്രീകൾ തുടങ്ങി പാർശ്വവത്ക്കരിക്കപ്പെട്ട ജന വിഭാഗങ്ങളുടെ ജീവിതാനുഭവങ്ങൾ ശേഖരിക്കുന്ന ഒരു പ്രോജക്ട് 2004 ലും കേരളത്തിലെ രാഷ്ട്രീയ മുദ്രാവാക്യങ്ങൾ ശേഖരിക്കുന്ന മറ്റൊരു പ്രോജക്ട് 2005 ലും കെ.സി.എച്ച്.ആർ ആരംഭി ച്ചിരുന്നു. (കെ.സി.എച്ച്.ആർ വെബ് സൈറ്റ് - ആർക്കൈവ്സ് സന്ദർശിക്കുക.) "മലയാളിയുടെ ഒരു ദിവസത്തെ ജീവിതം" എന്ന വിഷയത്തെ അധികരിച്ചുള്ള വിവരശേഖരണങ്ങൾ മറ്റൊരു പ്രോജക്ടിലൂടെ കെ.സി.എച്ച്.ആർ നടത്തി വരുന്നുണ്ട്. കേരളത്തിലെ വാമൊഴി വഴക്കങ്ങളുടെ വലിയൊരു മേഖലയായ പഴഞ്ചൊല്ലുകൾ ജനപങ്കാളിത്തത്തോടെ ശേഖരിച്ച് 20345 എണ്ണം വിഷയാടിസ്ഥാനത്തിൽ ക്രമീകരിച്ച് വിശദീകരണത്തോടെ "കേരളത്തിലെ പഴഞ്ചൊല്ലുകൾ" എന്ന ശീർഷകത്തിൽ 2012 ൽ പ്രസിദ്ധീകരിച്ചു. സ്കൂൾ വിദ്യാർത്ഥികൾക്കായി അവധിക്കാല ചരിത്രാന്വേ ഷണപരിപാടിയും കെ.സി.എച്ച്.ആർ നടപ്പിലാക്കിയ പൈതൃക സംരക്ഷണ പ്രവർത്തനങ്ങളാണ്.

**മലയാളി കുടിയേറ്റങ്ങളുടെ ചരിത്രം**

മലയാളികൾ വിവിധ നാടുകളിലേയ്ക്ക് നടത്തിയ കുടിയേറ്റങ്ങളുടെ ചരിത്രം ശേഖരിക്കു ന്നതിനുള്ള പദ്ധതിയാണ് ഇത്. ഇക്കൂട്ടരുടെ ജീവിതാനുഭവങ്ങൾ, വിവരങ്ങൾ, ഡയറിക്കുറിപ്പുകൾ, ഓർമ്മകൾ, വാമൊഴി പാരമ്പര്യങ്ങൾ, ഫോട്ടോകൾ തുടങ്ങിയവ ശേഖരിക്കരിക്കുകയായിരുന്നു ലക്ഷ്യം. ഇത്തരം സംഗതികൾ ഓൺലൈനായി സമർപ്പിച്ച് അവ കെ.സി.എച്ച്.ആർ വെബ് സൈറ്റിൽ ലഭ്യമാകുന്ന തരത്തിൽ സജ്ജമാക്കുകയാണ് വേണ്ടത്. ഇത്തരം പഠന പ്രവർത്തനങ്ങളിൽ തത്പര രായ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കെ.സി.എച്ച്.ആർ അക്കാദമിക് സഹായം നൽകിയി രുന്നു. 1960-70 കളിൽ ജർമ്മനിയിലേയ്ക്ക് കുടിയേറിയ മലയാളികളുടെ ജീവിതാനുഭവങ്ങൾ ഈ പ്രോജക്ടിന്റെ ഭാഗമായി താമസംവിനാ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**കുടുംബചരിത്രം-ആത്മകഥ ശേഖരം**

മലയാളി കുടുംബചരിത്രങ്ങൾ, ആത്മകഥകൾ, ജീവചരിത്രങ്ങൾ തുടങ്ങിയവ സൂക്ഷ്മചരിത്ര പഠനങ്ങളുടെ ഭാഗമായി കെ.സി.എച്ച്.ആർ ശേഖരിച്ചു വരുന്നുണ്ട്. ഇത്തരം ചരിത്ര രചനകൾക്ക് വേണ്ട അക്കാദമിക് സഹായവും കെ.സി.എച്ച്.ആർ നൽകുന്നുണ്ട്. (കെ.സി.എച്ച്.ആർ വെബ് സൈറ്റ് സന്ദർശിക്കുക)

**പ്രാദേശിക (ഗ്രാമ) ചരിത്ര രചന**

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സാംസ്ക്കാരിക സംഘടനകൾക്കും പ്രാദേശിക ചരിത്ര രചനയ്ക്കും, വില്ലേജ്-പഞ്ചായത്ത്, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ സാംസ്കാരിക പൈതൃക ചരിത്ര ഭൂപടം തയ്യാറാക്കുന്നതിനും അക്കാദമിക് സഹായം നൽകുന്ന പദ്ധതിയാണിത്. സർവ്വേ, വിവരശേഖരണം, സമാഹരണം, വിശകലനം, എഡിറ്റിംഗ്, പ്രസിദ്ധീ കരണം തുടങ്ങിയവയാണ് ഈ പ്രോജക്ടിലൂടെ ലക്ഷ്യമിടുന്നത്.

**കേരളത്തിന്റെ ചരിത്രഭൂപടം**

കേരളത്തിലെ പുരാവസ്തു, ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രപുരാവസ്തു

ശേഷിപ്പുകൾ, പുരാവസ്തു, ചരിത്രസ്മാരകങ്ങൾ തുടങ്ങിയവയുടെ വിവരശേഖരണവും ഭൂപട നിർമ്മാണവുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

**പുരാവസ്തു പര്യവേഷണവും സർവ്വേയും**

പട്ടണം പുരാവസ്തു സൈറ്റിന്റെ കേരളത്തിനകത്തും പുറത്തുമുള്ള സമകാലീക പ്രദേശങ്ങളിൽ ശാസ്ത്രീയ പര്യവേഷണവും വിവരശേഖരണവും നടത്തുകയാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. ബഹുവിഷയീ മാർഗ്ഗങ്ങളിലൂടെ ആ പ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവും പുരാവസ്തു-ചരിത്രപരവുമായ വിവരങ്ങൾ ശേഖരിക്കുകയാണ് ലക്ഷ്യം. സലാലയിലെ (ഒമാൻ) അൽബദീദ് സൈറ്റിനോടു ചേർന്നുള്ള ചേരമാൻ പെരുമാളിന്റെതെന്ന് പറയപ്പെടുന്ന ഖബർ സ്ഥാനം ഉൾപ്പെടുന്ന പ്രദേശം ഈ പ്രോജക്ടിന്റെ ഭാഗമായി സർവ്വേ ചെയ്യാൻ കെ.സി.എച്ച്.ആർ ഉദ്ദേശിക്കുന്നുണ്ട്.

**കേരളത്തിലെ ബുദ്ധ-ജൈന സ്വാധീനങ്ങൾ കണ്ടെത്താനുള്ള പര്യവേഷണവും വിവരശേഖരണവും**

ഒൻപതാം നൂറ്റാണ്ടിനുമുമ്പുള്ള കേരള സമൂഹത്തെക്കുറിച്ച് പഠിക്കുന്നതിനുതകുന്ന പുരാവസ്തുക്കൾ, ലിഖിതങ്ങൾ, വാമൊഴി വഴക്കങ്ങൾ, ഗ്രന്ഥശേഖരങ്ങൾ തുടങ്ങിയവ കണ്ടെത്തുക, ശേഖരിക്കുക, സംരക്ഷിക്കുക എന്നിവയാണ് ഈ പ്രോജക്ടിലൂടെ ലക്ഷ്യമിടുന്നത്. കേരളത്തിന്റെ ബുദ്ധ-ജൈന പാരമ്പര്യത്തെ ബഹുവിഷയീ അന്വേഷണ മാർഗ്ഗങ്ങളിലൂടെ കണ്ടെത്തി ഓൺലൈനായും പുസ്തകരൂപത്തിലും പ്രസിദ്ധീകരിക്കുകയാണ് ഉദ്ദേശം.

കൂടുതൽ വിവരങ്ങൾക്ക് കെ.സി.എച്ച്.ആർ വെബ് സൈറ്റ് - www.keralahistory.ac.in സന്ദർശിക്കുക.


KCHR

*past for a positive future*

Kerala Council for Historical Research

Vyloppilly Samskriti Bhavan, PB No. 839, Nalanda,
Thiruvananthapuram -3, Phone/Fax – 0471 – 2310409 / 6574988
E-mail: kchrtvm@gmail.com. www. keralahistory.ac.in